# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 28/05/ 2020

## വൃദ്ധയുടെകഴുത്തിൽ നിന്നും താലിമാലപൊട്ടിച്ചു കടന്ന അജ്ഞാതനായിരുന്ന പ്രതി പിടിയിൽ

കൊല്ലം : കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽഡീസന്റ്ജംഗ്ഷനിൽ പലചരക്ക് കട നടത്തുന്ന വൃദ്ധയുടെ 21 ഗ്രാംതൂക്കമുള്ളതാലിമാല പൊട്ടിച്ചു കടന്ന ചെന്താപ്പൂർശങ്കർ നിവാസിൽദിനേശ് ബാബു (42) വിനെ പോലീസ് പിടികൂടി. 23.05.2020 ന് ഉച്ചക്ക് 12.00 മണി ക്കാണ്വൃദ്ധയുടെ കടയിൽ സാധനം വാങ്ങാനെന്ന വ്യാജേന പ്രതിഎത്തിയത്. മാല പൊട്ടിച്ച തിനു ശേഷം പ്രതി സ്കൂട്ടറിൽ രക്ഷപ്പെടുകയാണുണ്ടായത്.സി.സി.റ്റി.വി ദൃശ്യങ്ങളുടെസഹായ ത്തോടെ പ്രതിയെ തിരിച്ചറിയാൻ ശ്രമിച്ചുവെങ്കിലും വ്യാജ നമ്പർ പതിച്ച സ്ക്കൂട്ടറിൽ യാത്ര ചെയ്തതിനാൽ ടി വാഹനം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഡിയോ ഇനത്തിൽ രജിസ്റ്റർ ചെയ്ത ആയിരക്കണക്കിന് വാഹനങ്ങളുടെ വിശദാംശങ്ങൾ പോലീസ് പരിശോധിക്കു കയും സിറ്റി പോലീസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ നടത്തിയ ഊർജ്ജിത അന്വേഷണ ത്തിനൊടുവിലാണ് പ്രതി വലയിലായത്. ആഴ്ചകളോളം നിരീക്ഷണം നടത്തിയശേഷമാണ് താൻ കൃത്യം നടത്തിയതെന്നും പരവൂർ, കൊല്ലം ഈസ്റ്റ്, ബീച്ച്റോഡ്,പുളിയത്ത്മുക്ക് എന്നിവിടങ്ങളിലെ കടകളിൽ നിന്നും മൊബൈൽഫോണുകൾ മോഷ്ടിച്ചതായും ഉമയനല്ലൂർ കോഴിക്കടയിൽ നിന്നും പണം അപഹരിച്ചതായും പ്രതിചോദ്യം ചെയ്യലിൽ പോലീസിനോട് വെളിപ്പെടുത്തി. ഉമയനല്ലൂരിൽ നിന്നും മോഷ്ടിച്ച സ്ക്കൂട്ടറായിരുന്നു ടിയാൻ നമ്പർ മാറ്റി മോഷണത്തിനായി ഉപയോഗിച്ചിരുന്നത്. കൊട്ടിയം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ദിലീഷ്, സ്പെഷ്യൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ ജയകുമാർ സബ് ഇൻസ്പെക്ടർമാരായ അനിൽകുമാർ, സുരേന്ദ്രൻ, ഡാൻസാഫ് ടീമംഗങ്ങളായ ബൈജു.പി.ജെറോം, മനു, സജു, സീനു, റിപു, രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.